LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷനിൽ ആകെ 7255 വീടുകളുടേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. RAY പദ്ധതി പ്രകാരമുള്ള തിരുവനന്തപുരം കോർപ്പറേഷന്റെ പദ്ധതികളിൽ 100 വീടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. മറ്റ് കോർപ്പറേഷനുകളിലെ പദ്ധതികൾ പ്രാരംഭഘട്ടത്തിലാണ്. RRY പദ്ധതി പ്രകാരം 269 അപേക്ഷകൾ ലഭിച്ചതിൽ 171 അപേക്ഷകൾ ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 36 എണ്ണം ബാങ്ക് അംഗീകരിച്ചിട്ടുണ്ട്. USHA സ്കീമിൽ 3 നഗരസഭകൾ ചേരികളുടെ പട്ടിക സമർപ്പിച്ചിട്ടുണ്ട്. ബാക്കി സ്ഥലങ്ങളിൽ പ്രവർത്തനം പുരോഗമിക്കുന്നു. SJSRY സംസ്ഥാനത്തെ 65 നഗരസഭകളിൽ നടപ്പിലാക്കിയിരുന്നു. 2014-15-ഓടെ പദ്ധതി അവസാനിച്ചു. NULM സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

പുതിയ നഗരസഭകൾ ഉണ്ടാക്കാൻ നിർദ്ദേശം

98(3382) ശ്രീ. ബി. സത്യൻ : താഴെകാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പുതിയ നഗരസഭകൾ ഉണ്ടാക്കാൻ എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ ?

ഉത്തരം

ഉണ്ട്.

പുതിയ മുനിസിപ്പാലിറ്റികൾ

99(3383) ശ്രീമതി പി. അയിഷാ പോറ്റി : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ;

(ബി) കൊട്ടാരക്കര ഗ്രാമപഞ്ചായത്തിനെ മുനിസിപ്പാലിറ്റിയായി ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ.

(ബി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.